പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5856 — 28.10.2011 ൽ മറുപടിക്ക്

<u>സർക്കാർ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. ഉബൈദുള്ള | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഏതെല്ലാം സർക്കാർ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ; | (എ) സംസ്ഥാനത്തെ വിവിധ സർക്കാർ ഓഫീസുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതിന്റെ വിശദാംശം ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) കൂടുതൽ വകുപ്പുകളിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഉണ്ട്. |
| (സി) സംസ്ഥാന സർക്കാർ ഓഫീസുകളെ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ഭാവിയിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ? | (സി) സംസ്ഥാന സർക്കാർ ഓഫീസുകളെ കടലാസ് രഹിത ഓഫീസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി കേരള സംസ്ഥാന ഐ.ടി മിഷൻ, കേരള സസ്റ്റൈനബിൾ അർബൻ ഡവലപ്മെന്റ് പ്രോജക്ട് (കെ.എസ്.യു.ഡി.പി), അക്ഷയ, സിറ്റിസൺസ് കാൾ സെന്റർ എന്നീ സ്ഥാപനങ്ങളിൽ ഡിജിറ്റൽ ഡോക്കുമെന്റ് ഫയലിംഗ് സിസ്റ്റം (ഡി.ഡി.എഫ്.എസ്) സോഫ്റ്റ് വെയർ നടപ്പിലാക്കി. അനർട്ട്, കേരള സ്റ്റേറ്റ് ഐ.ടി. ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡ് (കെ.എസ്.ഐ.ടി. ഐ.എൽ), കാറ്റ്ഫോസ് എന്നീ സ്ഥാപനങ്ങളിൽ ഡി.ഡി.എഫ്.എസ് നടപ്പിലാക്കുന്നതിനുള്ള പദ്ധതികൾ നടന്നു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.